## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത്
റിപ്പോർട്ട് (2018-19) -ലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

749/2019.

# ഉള്ളടക്കം

പേജ്

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2019-2021)

### ഘടന*

<u>അദ്ധ്യക്ഷൻ:</u>

ഡോ. ടി.എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,

തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ഡോ. എൻ. ജയരാജ്

ശ്രീ. വി. കെ. സി. മമ്മത്കോയ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. സി. ജോസ്, സെക്രട്ടറി - ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി.ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

---

* 7-1-2019-ലെ ബുള്ളറ്റിൻ (ഭാഗം 2) നമ്പർ 598 പ്രകാരം സമിതി (2019-21) രൂപീകൃതമായി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ, സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) 26-2-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ച നടപടി പത്രികകൾ സമിതി (2016-2019) 25-7-2018, 25-9-2018 എന്നീ തീയതികളിലും സമിതി (2019-2021) 8-5-2019, 25-6-2019 എന്നീ തീയതികളിലും ചേർന്ന യോഗങ്ങളിൽ അംഗീകരിച്ചിരുന്നു.

രണ്ട് അദ്ധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2019 ജൂൺ 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2019 ജൂൺ 25.

# റിപ്പോർട്ട്

## അദ്ധ്യായം I

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപത്രങ്ങളും രജിസ്ട്രേഷനും

### ശിപാർശ (ഖണ്ഡിക 9)

2030-03-001-99-21(1)—രജിസ്ട്രേഷൻ-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

2016-17 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിന് കണ്ടം ചെയ്ത വാഹനത്തിന് പകരം പുതിയ വാഹനം വാങ്ങുന്നതിനായി സർക്കാർ അനുമതിയും അഡീഷണൽ ഫണ്ടും നൽകിയിരുന്നു. എന്നാൽ വാഹനം വാങ്ങുന്നതിനായി നടപടി ആരംഭിച്ചപ്പോൾ Invoice System നിർത്തലാക്കുകയും പകരം കേന്ദ്ര സർക്കാർ പദ്ധതിയായ GeM മുഖേന വാങ്ങാൻ ഉത്തരവ് വരികയും ചെയ്തു. 2017-18 സാമ്പത്തിക വർഷം GeM മുഖേന വാഹനം വാങ്ങുന്നതിന് നടപടികൾ പൂർത്തിയാക്കിയെങ്കിലും ഫണ്ടിനായി SDG-യിൽ വച്ചപ്പോൾ സർക്കാർ അനുമതി ലഭിച്ചില്ല. ആയതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ വാഹനം വാങ്ങുന്നതിനായി 8 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി വകുപ്പ് മേധാവികൾ, പോലീസ്, നിയമ നിർവ്വഹണ ഏജൻസികൾ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഗ്രാന്റ്- ഇൻ- എയ്ഡ് സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർക്ക് മാത്രമേ സ്വന്തമായി വാഹനം വാങ്ങാൻ പാടുള്ളുവെന്നും മറ്റുള്ളവർക്കെല്ലാം ഡ്രൈവർ, ഇന്ധനം, അറ്റകുറ്റപ്പണിച്ചെലവ് എന്നിവ ഉൾപ്പെടെ വാഹനം ലീസിന് എടുക്കേണ്ടതാണെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിലേക്ക് വാഹനം ലീസ് അടിസ്ഥാനത്തിൽ എടുക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക 10)

2030-03-001-99-21(2)— രജിസ്ട്രേഷൻ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

2017-2018 സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ 50,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 30,000 രൂപയെ വകയിരുത്തിട്ടുള്ളു.

നിലവിൽ 10,000 രൂപയുടെ കടിശ്ശികയുള്ളതിനാൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് പോരാതെ വരും. ആയതിനാൽ നിലവിലെ ഫണ്ട് കഴിയുന്ന മുറയ്ക്ക് 30,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ 1,10,000 രൂപ അധികമായി അനുവദിക്കുകയും, ടി തുക വകുപ്പ് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ: ഇ 3/48/2018/നി.വ. തീയതി 19-6-2019 പ്രകാരം ലഭ്യമായ 9, 10 എന്നീ ഖണ്ഡികകളിന്മേലുള്ള നടപടിപത്രികകൾ 25-6-2019-ലെ സമിതി യോഗം അംഗീകരിച്ചു]

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ശിപാർശ (ഖണ്ഡിക 11)

2039-00-001-99-21(1)— സംസ്ഥാന എക്സൈസ്-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വകുപ്പിൽ കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിൽ 80 ഓളം വാഹനങ്ങൾ കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായിട്ടുള്ളതാണ്. 2018-2019 വർഷത്തിൽ വാഹനം വാങ്ങുന്നതിനായി 1 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ എക്സൈസ് കമ്മീഷണർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 12)

2039-00-001-99-21(2)— സംസ്ഥാന എക്സൈസ്-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ധനാഭ്യർത്ഥനയിൽ മേൽശീർഷകത്തിൽ 45.47 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. നാളിതുവരെ ടി തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക 13)

2039-00-001-99-45— സംസ്ഥാന എക്സൈസ്-പി.ഒ.എൽ.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വാഹനങ്ങൾക്ക് ഇന്ധനവും മറ്റും നിറയ്ക്കുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ധനാഭ്യർത്ഥനയിൽ മേൽശീർഷകത്തിൽ 147.51 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. നാളിതുവരെ ടി തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക 14)

2039-00-001-98-05 (3)— റേഞ്ച് ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലഫോൺ ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ധനാഭ്യർത്ഥനയിൽ മേൽശീർഷകത്തിൽ 24.83 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. നാളിതുവരെ ടി തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക 15)

2039-00-001-98-05 (4)— റേഞ്ച് ഓഫീസുകൾ -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 ധനാഭ്യർത്ഥനയിൽ മേൽശീർഷകത്തിൽ 21.18 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. നാളിതുവരെ ടി തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നിട്ടില്ല.

[സർക്കാർ കത്ത് നമ്പർ: നികുതി-എഫ്3/105/2018/നി.വ.തീയതി 9-10-2018 പ്രകാരം ലഭ്യമായ 11 മുതൽ 15 വരെയുള്ള ഖണ്ഡികകളിലെ നടപടി പത്രികകൾ 8-5-2019-ലെ സമിതി യോഗം അംഗീകരിച്ചു]

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

<u>ശിപാർശ (ഖണ്ഡിക 16)</u>

2054-00-098-99— <u>ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം-ലോക്കൽ ഫണ്ട് ഓഡിറ്റ്- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്</u>

ബഡ്ജറ്റിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാ ബത്തയെന്ന ശീർഷകത്തിൽ 2,10,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളിലെയും ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ ശരാശരി 3 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ഓഡിറ്റ് തീർക്കുന്നതിന് മറ്റ് സ്ഥാപനങ്ങളിലെ ഓഡിറ്റ് ഓഫീസുകളിലെ മനുഷ്യവിഭവശേഷി കൂടി ഉപയോഗിക്കേണ്ടിവന്നതിനാൽ ജീവനക്കാരെ മറ്റ് ജില്ലകളിലേക്കും പുനർവിന്യസിക്കേണ്ടതായും വന്നു. 4 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് ഒരുമിച്ച് പൂർത്തിയാക്കാൻ അധികം വിന്യസിച്ച ജീവനക്കാർക്കുണ്ടായിട്ടുള്ള ചെലവുകൾ നികത്തുന്നതിനായി യാത്രാബത്ത ഇനത്തിൽ തൻവർഷം അനുവദിച്ചിട്ടുള്ള തുക തികയാത്തതിനാലും ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി 18,81,310 രൂപ നൽകേണ്ടതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 323.94 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2054-00-098-99-04-1 എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ 143% ചെലവുവന്നിട്ടുണ്ട് ആയതിനാൽ ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചതിനുശേഷം അധിക തുക ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ആയത് അനുവദിക്കുന്നതാണ്.

[സർക്കാർ കത്ത് നം. എസ്റ്റാ-ഡി4/30/2018/ധന. തീയതി 8-6-2018 പ്രകാരം ലഭിച്ച നടപടി പത്രിക 25-7-2018-ലെ സമിതി യോഗം അംഗീകരിച്ചു]

# ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

<u>ശിപാർശ (ഖണ്ഡിക 17)</u>

2047-00-103-99-34(3)— <u>ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്-മറ്റു ചെലവുകൾ - മറ്റിനം</u>

ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതമായ മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കേണ്ട തുകയുടെ ഏകദേശം 50% മാത്രമാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം നാളിതുവരെ ലഭിച്ചിരുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികയായ 2,08,42,400 രൂപ Additional authorisation മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിൽ സ.ഉ. സാധാ(നം.) 8127/2018/ധന. തീയതി 1-10-2018 ഉത്തരവ് പ്രകാരം മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ ഒരു കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 18)</u>

2047-00-103-87— <u>ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്.—ഏജന്റുമാർക്കും നൽകുന്ന അധിക സേവനത്തിന് നൽകുന്ന പ്രതിഫലം</u>

2017-18 സാമ്പത്തിക വർഷം ഏജന്റുമാർക്ക് വിതരണം ചെയ്യേണ്ട 4 മാസത്തെ പ്രതിഫല കുടിശ്ശികയും 2018-19 സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ടതായ പ്രതിഫലവും ചേർന്ന് 16 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാർക്ക് അധിക ജോലിക്കുള്ള പ്രതിഫലം വിതരണം ചെയ്യുന്നതിനായി 2018-19 സാമ്പത്തിക വർഷം 165 കോടി രൂപ "2047-00-103-87 Remuneration to National Savings/SAS Agents for Additional

Duties" എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. 2018-19 സാമ്പത്തിക വർഷം മൂന്ന് മാസത്തെ കൂടി പ്രതിഫലം വിതരണത്തിനായി 40 കോടി രൂപ അധിക ധനാനുമതി വഴി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് സമർപ്പിച്ചിരുന്നു. 40 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന മേൽ ശീർഷകത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ: ഭരണം-സി1/46/2018/ധന.(826812) തീയതി 4-6-2019 പ്രകാരം ലഭിച്ച 17, 18 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 25-6-2019-ലെ സമിതിയോഗം അംഗീകരിച്ചു]

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

### ശിപാർശ (ഖണ്ഡിക 19)

2075-00-103-99-08— ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ് ഫലപ്രസിദ്ധീകരണം എന്നിവയ്ക്ക് ആവശ്യമായ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 25 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് (90% ചെലവ്) ആവശ്യമായ തുക അനുവദിച്ച് നൽകുന്നതാണ്.

### ശിപാർശ (ഖണ്ഡിക 20)

2075-00-103-98— എജന്റുമാരുടെ കമ്മീഷൻ

ടിക്കറ്റ് വിൽപ്പന സമയത്തുതന്നെ ഏജന്റുമാർക്ക് നൽകുന്ന ഡിസ്കൗണ്ട്, കൂടുതൽ മത്സരബുദ്ധ്യാ വാങ്ങുന്നതിനുള്ള അധിക കമ്മീഷൻ, ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വാങ്ങുന്നതിനുള്ള കോമൺ ഇൻസെന്റീവ്, സമ്മാനാർഹമായ ടിക്കറ്റുകൾ വിറ്റ ഏജന്റിനുള്ള ഏജൻസി സമ്മാനം തുടങ്ങിയവ നൽകുന്നതിനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ

ഇനത്തിൽ ചെലവഴിക്കേണ്ടി വരും. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ 11100 കോടി രൂപ സമാഹരിക്കാൻ കഴിയുകയാണെങ്കിൽ ഈ ഇനത്തിൽ ഏകദേശം 3330 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 141 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 3189.88 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് തീരുന്ന മുറയ്ക്ക് (90% വിനിയോഗം) തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിച്ച് നൽകുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 21)</u>

2075-00-103-97— <u>സമ്മാനദാനം</u>

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക ഈ ശീർഷകത്തി- നിന്നും ചെലവാക്കുന്നു. നിലവിലെ പരിഷ്കരിച്ച സമ്മാനഘടന അനുസരിച്ച് മൊത്തം വിറ്റുവരവിന്റെ 50% ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ (വിറ്റുവരവ്) 11100 കോടി രൂപ സമാഹരിക്കുവാൻ കഴിയുകയാണെങ്കിൽ ഈ ഇനത്തിൽ ഏകദേശം 5550 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1706 കോടി രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 3844 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 22)</u>

2075-00-103-96— <u>കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പന ക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെന്റ് സംഭാവന</u>

കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്ക് സർക്കാർ സംഭാവനയായി ഈ തുക നൽകുന്നു. 2018-19 സാമ്പത്തിക വർഷം ലക്ഷ്യമിടുന്ന വിറ്റുവരവ് 11100 കോടി രൂപയാണ്. ഇതിന്റെ 1% വിഹിതം എന്ന നിലയിൽ 111 കോടി രൂപ വകയിരുത്തി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമപദ്ധതികൾ വിപുലീകരിക്കുന്നതിനായി ടി ശീർഷകത്തിൽ അധികമായി 65 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 46.14 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക തീരുന്ന മുറയ്ക്ക് (90% വിനിയോഗം) അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 23)

2075-00-103-95— ലോട്ടറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടൽ

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിലേക്കായി ആവശ്യമായി വരുന്ന ചെലവ് ടി ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ചികിത്സാ ധനസഹായ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാലും നിലവിലുള്ള സ്കീം വിപുലീകരിക്കുന്നതിനാലും 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ഏകദേശം 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 52.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 397.50 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് തീരാറാകുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റി VIII ശുപാർശ ചെയ്ത 52.50 കോടി രൂപ (കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള അറ്റാദായത്തിന്റെയും കാരുണ്യ ബെനവലന്റ് ഫണ്ടിലേക്കുള്ള ആവശ്യകതയുടെയും അടിസ്ഥാനത്തിൽ) അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 24)

2075-00-103-93-05— ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - ഓഫീസ് ചെലവുകൾ

05- ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നും ഓഫീസ് ചെലവുകളായ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ വഹിക്കുന്നു. വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നതിന് അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകങ്ങളിൽ യഥാക്രമം 6,00,000 രൂപയും 3,00,000 രൂപയും (ആകെ 9,00,000) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. 05-OE-2 വൈദ്യുതി ചാർജ്ജ്, 05-OE-3 ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിലെ ഫണ്ട് വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ആവശ്യമനുസരിച്ച് തുക അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 25)

2075-00-103-93-06— വാടക, കരം, നികുതി

നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 41,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 19,71,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 21.29 ലക്ഷം രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് (90% വിനിയോഗം) കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ എച്ച്2/89/2018/നി.വ. തീയതി 26-5-2018 പ്രകാരം ലഭിച്ച 19 മുതൽ 25 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 25-7-2018-ലെ സമിതി യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 28)

2075-00-800-94— ഡിഫൻസ് സർവ്വീസുകളിലെ ധീരതയുള്ള കീർത്തി മുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്, മറ്റ് ചെലവുകൾ

ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1,00,000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ 2075-00-800-94 കണക്കിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന നിർദ്ദേശം ഡയറക്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1st batch SDG-യിൽ അധിക തുകയ്ക്ക് നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അധികതുക അനുവദിച്ച് നൽകിയില്ല. II batch SDG-യിൽ തുക അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതാണ്.

[സർക്കാർ കത്ത് നം. SW3/05/2018/സൈ.ക്ഷേ.വ. തീയതി 2-8-2018 പ്രകാരം ലഭിച്ച നടപടി പത്രിക 25-9-2018-ലെ സമിതി യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 29)</u>

2075-00-800-90— <u>മുൻനാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ</u>

ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ 1,000 രൂപയിൽ നിന്ന് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിന് നിലവിൽ ചെലവാകുന്ന തുകയുടെ രണ്ടിരട്ടി തുക ആവശ്യമായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ 370 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-800-90 (നോൺ പ്ലാൻ) ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 1,30,00,000 (ഒരു കോടി മുപ്പത് ലക്ഷം രൂപ) മാത്രമേ അനുവദിച്ചിരുന്നുവെങ്കിലും 2,53,50,555 (രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി അമ്പത്തിയഞ്ച് രൂപ) ആകെ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 30)</u>

2075-00-800-83— <u>മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ</u>

2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-800-83 (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ ₹15,00,000-ന് (പതിനഞ്ച് ലക്ഷം രൂപ) പുറമേ അധികമായി ചെലവായ 3,60,459 രൂപ (മൂന്ന് ലക്ഷത്തി അറുപതിനായിരത്തി നാന്നൂറ്റി അൻപത്തി ഒൻപത് രൂപ) ഉൾപ്പെടെ ആകെ ₹18,60,459 (പതിനെട്ട് ലക്ഷത്തി അറുപതിനായിരത്തി നാന്നൂറ്റി അൻപത്തി ഒൻപത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. 28/പോൾ.3/2019/പൊ.ഭ.വ. തീയതി 30-4-2019 പ്രകാരം ലഭിച്ച 29, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് 25-6-2019-ലെ സമിതിയോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 31)

2075-00-800-81— കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി ആരംഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2018-19-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ-എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടെങ്കിലും 2017-18 സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 2018-19 സാമ്പത്തിക വർഷം ഗ്രാന്റ് ഇൻ-എയ്ഡ് ആയി 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരികയാണ്. ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്ത പ്രകാരം 2018-19 സാമ്പത്തിക വർഷം പണി ആരംഭിക്കുന്നതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ: എഫ്3/135/2019/ആഭ്യന്തരം തീയതി 1-6-2019 പ്രകാരം ലഭിച്ച ഖണ്ഡിക നമ്പർ 31-ലെ ശിപാർശയിന്മേലുള്ള നടപടിപത്രിക 25-6-2019-ലെ സമിതി യോഗം അംഗീകരിച്ചു]

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

ശിപാർശ (ഖണ്ഡിക 34)

7610-00-800-95(02)— സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ - നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

മുൻവർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ആകെ 9 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സർവ്വീസിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് രോഗ ചികിത്സയ്ക്കായി നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾക്കായി 2018-19-ലെ ബഡ്ജറ്റിൽ

7,00,00,000 രൂപ (ഏഴ് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റിൽ 6,75,00,000 രൂപ (ആറ് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിരുന്നു. എന്നാൽ അപേക്ഷകർ കൂടുതലായ സാഹചര്യത്തിൽ ആകെ 9,76,87,286 രൂപ (ഒൻപത് കോടി എഴുപത്തിയാറ് ലക്ഷത്തി എൻപത്തിഏഴായിരത്തി ഇരുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) ചെലവഴിക്കേണ്ടി വന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയാകാതെ വന്ന സാഹചര്യത്തിൽ 2,67,88,000 രൂപ (രണ്ട് കോടി അറുപത്തിയേഴ് ലക്ഷത്തി എൺപത്തി എട്ടായിരം രൂപ മാത്രം) അധിക ധനാഭ്യർത്ഥനയിലൂടെ നേടിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം മതിയാകാതെ വന്നാൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക്, അധിക ധനാഭ്യർത്ഥനയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 35)</u>

7610-00-800-91— <u>സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പലിശരഹിത മുൻകൂർ വായ്പ</u>

മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ആകെ 1.5 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് രോഗചികിത്സയ്ക്കായി നൽകുന്ന പലിശരഹിത മുൻകൂറുകൾക്കായി 2018-19-ലെ ബഡ്ജറ്റിൽ 1,00,00,000 (ഒരു കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റിൽ 90,00,000 (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അപേക്ഷകർ പ്രതീക്ഷിച്ചതിലും കൂടുതലായ സാഹചര്യത്തിൽ 75,00,000 രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി നേടിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം മതിയാകാതെ വന്നാൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അധിക ധനാഭ്യർത്ഥനയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 36)</u>

7610-00-800-90— <u>ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ</u>

മുൻ വർഷത്തെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ വർഷം 1 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ചെലവുകൾ നേരിടുന്നതിനുള്ള മുൻകൂർ വായ്പകൾക്കായി 2018-19-ലെ ബഡ്ജറ്റിൽ 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ 10,00,000 (പത്ത് ലക്ഷം രൂപ മാത്രം) വകകൊള്ളിച്ചിരുന്നു. അപേക്ഷക പ്രതീക്ഷിച്ചതിലും കൂടുതലായ സാഹചര്യത്തിൽ 1,05,00,000 രൂപ (ഒരു കോടി അ ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി നേടിയിട്ടുണ്ട്. 2017-18 സാമ്പത്തി വർഷത്തിൽ ആകെ അനുവദിക്കപ്പെട്ട തുകയിൽ 97,75,000 രൂപ (തൊണ്ണൂറ്റേഴ് ലക്ഷത്ത എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതം മതിയാകാതെ വന്നാൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അധിക ധനാഭ്യർത്ഥനയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ എൽ 2/209/2018/ധന. തീയതി 2-5-2018 പ്രകാരം ലഭിച്ച 34, 35, 36 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 25-7-2018 -ലെ സമിതിയോഗം അംഗീകരിച്ചു]

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ശിപാർശ (ഖണ്ഡിക 37)

2235-60-110-99-06— സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - വാടക, കരം, നികുതി

KSID-യും KTDFC-യുമായുള്ള വാടകക്കരാർ പ്രകാരം 3 വർഷം കൂടുംതോറും വാടകയിനത്തിൽ 20% വർദ്ധന നൽകേണ്ടതിനാലും KSHB-ക്ക് നൽകാനുള്ള വാടക കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 67.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-110-99-06 എന്ന ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷ അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടില്ല. ആയതിനാൽ നടപ്പ് സാമ്പത്തി വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചതിന് ശേഷം അധിക തു ആവശ്യമായി വരുന്നപക്ഷം അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 38)

2235-60-110-99-21(1)— സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

വകുപ്പിന്റെ 10 ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് ധനവകുപ്പിന്റെ അനുമതിയോടെ പുറപ്പെടുവിച്ച ശേഷം തുക അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 39)

2235-60-110-98-01(4)— ഇൻഷ്വറൻസ് വകുപ്പ്-ജില്ലാ ഓഫീസുകൾ-ശമ്പളം-മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യപ്തമായതിനാൽ 83,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-110-97 എന്ന ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടില്ല. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അധികമായി ചെലവ് വരുന്നപക്ഷം അധിക തുക അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 40)

2235-60-110-97— സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കമ്പ്യൂട്ടർവൽക്കരണം

സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ആന്വൽ മെയിന്റനൻസ്, കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടർ പർച്ചേയ്സ് എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-110-97 എന്ന ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടില്ല. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അധികമായി ചെലവ് വരുന്നപക്ഷം അധിക തുക അനുവദിക്കാവുന്നതാണ്.

[സർക്കാർ കത്ത് നം. എസ്റ്റാ.ഡി4/30/2018/ധന. തീയതി 8-6-2018 പ്രകാരം ലഭിച്ച ഖണ്ഡിക നമ്പർ 37 മുതൽ 40 വരെയുള്ള ശിപാർശകളിലെ നടപടി പത്രിക 25-7-2018-ലെ സമിതിയോഗം അംഗീകരിച്ചു]

<u>അദ്ധ്യായം II</u>

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് |
|---|---|---|
| 1 | 1 - 8 | നികുതി |
| 2 | 26 | ധനകാര്യം |
| 3 | 27 | കായിക യുവജനകാര്യം |
| 4 | 32, 33 | റവന്യൂ |

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2019 ജൂൺ 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.